ശ്രീ. എം. കെ. രാഘവൻ : അങ്ങനെ ആക്ഷേപം ലഭിച്ചിട്ടില്ല സർ.

ശ്രീ. കെ. എ. മാത്യു : തിരുവനന്തപുരത്തുനിന്ന് ജില്ലാ ആസ്ഥാനങ്ങളിലേക്ക് വിതരണത്തിന്റെ പ്രക്രിയ മാറാൻ പോകുന്നു എന്നുപറഞ്ഞു. എന്നാൽ വർഷങ്ങൾക്കുമുൻപ് കാര്യക്ഷമതാരാഹിത്യമുണ്ടായതിന്റെ പേരിലാണ് തിരുവനന്തപുരത്തേക്കു കൊണ്ടുവന്നത്. മാനേജുമെന്റിനെ ഒരു ഭാഗത്തുനിന്നു കുറ്റംപറയുകയും ജില്ലാ വെൽഫെയർ ആഫീസർമാരെ മറുഭാഗത്തുനിന്നും കുറ്റംപറയുകയും ചെയ്തതുകൊണ്ടായില്ല. ഇതു നടക്കണമെങ്കിൽ ഓരോന്നിനും പ്രത്യേകം ടൈം ഷെഡ്യൂൾ വയ്ക്കണം. കുട്ടികളെ അഡ്മിറ്റുചെയ്താൽ അതിന്റെ റിപ്പോർട്ട് ഇന്ന ദിവസത്തിനകം ചെന്നിരിക്കണം, ബിൽ പ്രസന്റുചെയ്താൽ അത് ഇത്ര ദിവസത്തിനകം പാസാക്കിക്കൊടുക്കണം എന്നൊക്കെ നിർദ്ദേശം കൊടുക്കാൻ നടപടിയെടുക്കാമോ?

ശ്രീ. എം. കെ. രാഘവൻ : ഇതിന്റെയൊക്കെ ശരിയായ രോഗം അതൊന്നുമല്ല. ഹരിജന-ഗിരിജന വിദ്യാർത്ഥികളോടുള്ള സ്ഥായിയായ മനോഭാവത്തിനു വ്യത്യാസം വരുത്താതെ ഇതിനു പരിഹാരമുണ്ടാകുകയില്ല.

ശ്രീ. പി. കരുണാകരൻ : സ്റ്റെറപ്റ്റൻറ് ദുരുപയോഗപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നു പറഞ്ഞു. 1972 മാർച്ചിൽ കാസർഗോട്ട് ഒരു സ്കൂളിൽ മൂന്നുലക്ഷത്തിൽപ്പരം രൂപ അവിടത്തെ മാനേജുമെന്റ് ദുരുപയോഗപ്പെടുത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പലതവണ പെടുത്തിയിട്ടുള്ളതാണ്, പലതവണ മറുപടി പറഞ്ഞിട്ടുള്ളതാണ്, ശ്രദ്ധക്ഷണിക്കൽ ഉപക്ഷേപങ്ങളും അവതരിപ്പിച്ചിട്ടുള്ളതാണ്. അതിനുത്തരവാദികളായവരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ : മുൻപ് ഉണ്ടായിട്ടുണ്ടെങ്കിൽ അതു പരിശോധിച്ചു പറയാം. ഇപ്പോൾ എന്റെ മുൻപിലില്ല.

അബ്കാരി ഇനത്തിലെ വരുമാനം

*531 [653] ശ്രീ. വി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം അബ്കാരി ഇനത്തിൽ സർക്കാരിന് എന്ത് വരുമാനം ഉണ്ടായിരുന്നു ;

(ബി) ഈ വർഷം എന്ത് തുക വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്) :

(എ) 1977 ഏപ്രിൽ ഒന്നുമുതൽ 1978 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തികവർഷത്തിൽ അബ്കാരി ഇനത്തിൽ ഗവൺമെന്റിന് 36 കോടി രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട്.

(ബി) 1979 മാർച്ച് 31-ന് അവസാനിക്കുന്ന നടപ്പുസാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ വരുമാനം 40 കോടി രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷത്തിൽ (1979-80) ഈ ഇനത്തിൽ 15 കോടി രൂപ അധികമായി ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. ജോസഫ് : കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അബ്കാരി ഇനത്തിൽനിന്നുണ്ടായിട്ടുള്ള വരുമാനം വ്യാജവാറുകൾ പിടിച്ച് കംപൗണ്ടുചെയ്തിട്ടുള്ള പണംകൂടി ഉൾപ്പെട്ടതാണോ? അല്ലെങ്കിൽ ആ ഇനത്തിലുള്ള തുക എന്തുമാത്രം വരും?

ശ്രീ. കെ. നാരായണക്കുറുപ്പ് : മൊത്തവരുമാനമെന്നുപറയുന്നത് ലേലത്തുകയും വൃക്ഷക്കരവും ഗാലനേജ് ഫീസും ഡ്യൂട്ടിയുമൊക്കെ ഉൾപ്പെട്ടതാണ്. ലേലത്തുക എന്നുപറയുന്നത് ലേലത്തിൽനിന്നുമാത്രം കിട്ടുന്ന തുകയാണ്. കഴിഞ്ഞവർഷത്തെ അബ്കാരിവരുമാനം എന്നു പറയുന്നത് എല്ലാം കൂടിയാണ്. സാധാരണയായി പത്തുപതിനൊന്നു കോടി രൂപയുടെ മറ്റുവരുമാനങ്ങളുമുണ്ട്.

ശ്രീ. ടി. എം. ജേക്കബ് : ഈ ഇനത്തിൽ ഈ വർഷം 50 കോടി രൂപയോളം വരുമാനമുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഓരോ വർഷവും ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ആളുകൾ ഭീമമായ ലാഭമുണ്ടാക്കുന്നുമുണ്ട്. ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്ന കാര്യത്തിൽകൂടി ഗവൺമെന്റ് ശ്രദ്ധിക്കുമോ; കൊടുക്കുന്ന സാധനത്തിന്റെ കാളിറ്റി നിശ്ചയിക്കാനുള്ള ഒരു സംവിധാനംകൂടി ഏർപ്പെടുത്തുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ് : ലേലത്തുക 23.20 കോടിയാണ്. അതിൽ 16 കോടി കൂട്ടുമെന്നാണ് പ്രതീക്ഷ. പത്തുപന്ത്രണ്ടു കോടിയുടെ വരുമാനം വേറെയുമുണ്ട്. മൊത്തം 55 കോടി രൂപയുടെ മൊത്ത വരുമാനം പ്രതീക്ഷിക്കുന്നു. തുക കൂടുന്നതുകൊണ്ട് മറ്റു കാര്യങ്ങളെപ്പറ്റിയുള്ള അന്വേഷണം നടത്താം.

ശ്രീ. പി. സി. ജോസഫ് : ലേലത്തുക വളരെയധികം വർദ്ധിക്കുന്നതുകൊണ്ട് ലേലം പിടിക്കുന്ന ആളുകൾ മദ്യത്തിനു വില കൂട്ടാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് സംസ്ഥാനവ്യാപകമായി മദ്യത്തിന്റെ വില ഏകീകരിക്കുന്നതിനുള്ള നടപടിയെടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ് : വില ക്രമാതീതമായി വർദ്ധിക്കുന്നത് മദ്യവർജ്ജനത്തിനു സഹായകമായ ഒരു ഭാഗമാണ്. വില വളരെ കൂടുമ്പോൾ കുറെ ആളുകൾ പിൻമാറുവാൻ സാദ്ധ്യതയുണ്ട്. മദ്യത്തിന്റെ വില ഏകീകരിക്കാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. സേവ്യർ അറയ്ക്കൽ : എല്ലാ സ്ഥലത്തും ഗാംബ്ലിംഗ് ക്ലബ്സ് വർദ്ധിച്ചുവരുന്നുണ്ട്. അതുകൂടി സംസ്ഥാനവ്യാപകമായി ലേലം വിളിച്ചുകൊടുത്താൽ നല്ലൊരുസംഖ്യ ഗവൺമെന്റിലേക്കു വരും. അതിനു കൂടി മുൻകൈയെടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതിന്റെ കൂടെ അതു ചോദിച്ചാൽ പറയാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: കഴിഞ്ഞകൊല്ലത്തെ ലേലത്തുകയിൽ ഇനി എന്തു പിരിഞ്ഞുകിട്ടാനുണ്ട്.

ശ്രീ. കെ. നാരായണക്കുറുപ്പ്: കഴിഞ്ഞവർഷത്തെ മൊത്തം വരുമാനത്തിൽ ഒരു കോടിയിൽപ്പിലാനം തുക പിരിഞ്ഞുകിട്ടാനുണ്ട്. ഈ മാസം 31-നകം അതു പിരിഞ്ഞുകിട്ടുമെന്നാണ് പ്രതീക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ബി. ആർ പിള്ള: ലേലത്തുക അമിതമായി വർദ്ധിക്കുന്നതു മൂലം വ്യാപാരികളും മായം ചേർത്താണ് മദ്യം വിൽക്കുന്നതെന്നുള്ളതറിയാമോ; അതു തടയുന്നതിന് എന്തെങ്കിലും വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ അതെപ്പറ്റി പരിശോധിക്കാൻ ഏർപ്പാടുചെയ്യുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ ഗവൺമെന്റിന് പരാതി ഒന്നും ലഭിച്ചിട്ടില്ല. അതെപ്പറ്റി ഗവൺമെന്റിന് നേരിട്ടൊന്നും അറിയില്ല.

ശ്രീ. ചടയൻ ഗോവിന്ദൻ: കഴിഞ്ഞവർഷം തിരുവനന്തപുരം താലൂക്കിൽ നടന്ന അബ്കാരി ലേലത്തിൽ ഉണ്ടായ ക്രമക്കേടുകളും കാരണം ഗവൺമെന്റിന് ലഭിക്കേണ്ടിയിരുന്ന ഇരുപതുലക്ഷം രൂപ നഷ്ടപ്പെട്ടിട്ടുണ്ടെന്നുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ നടപടിയെടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഗവൺമെന്റിന് തുക നഷ്ടപ്പെട്ടതായി അറിയില്ല. 20 ലക്ഷം രൂപയുടെ വ്യത്യാസത്തിലാണ് ലേലം പിന്നീടു പോയത്. അതിൽ 13 ലക്ഷം രൂപ ആദ്യം ലേലംപിളിച്ച് ലേലം എടുക്കാതെ പോയ ആളിൽനിന്നും പിടിച്ചെടുത്തിട്ടുണ്ട്. ബാക്കി തുകയുടെ നടപടികളും ആരംഭിച്ചിട്ടുമുണ്ട്.

ശ്രീ. എം. വി. രാജൻ: കുടിച്ചു കുടിച്ചു നശിക്കുന്ന ആളുകൾക്ക് ഒരു ക്ഷേമനിധിയുണ്ടാക്കാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഓരോ വീട്ടിൽനിന്നും കുടിക്കുന്നതിന്റെ അളവനുസരിച്ചാണോ ക്ഷേമനിധിയുണ്ടാക്കേണ്ടത്? ചോദ്യം വ്യക്തമായില്ല.

ശ്രീ ടി. എ. പരമൻ: നമ്മുടെ സ്റ്റേറ്റിനാവശ്യമായ ചാരായത്തിന്റെ മൂന്നിലെ രണ്ടു മാത്രമേ ഇവിടെ പ്രൊഡ്യൂസ് ചെയ്യുന്നുള്ളു എന്നു പറഞ്ഞുംബാക്കിയുള്ളതുമുഴുവനും കള്ളവാറ്റുകൊണ്ടാണോ സാറ്റിസ്ഫൈ ചെയ്യുന്നത്; ജനങ്ങളുടെ ആരോഗ്യത്തിനാവശ്യമായ നടപടികൂടി സ്വീകരിക്കാൻ ശ്രമിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആകപ്പാടെ ഒന്നേമുക്കാൽ ലക്ഷം ലിറ്റർ ചാരായമാണ് വരുത്തുന്നത്. കള്ളവാറ്റിൽകൂടി ചാരായം ഉൽപ്പാദിപ്പിക്കുന്നില്ല എന്നാണ് ഗവൺമെന്റിന്റെ അറിവ്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: നമ്മുടെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഡെഡ് ബോഡി സൂക്ഷിക്കുന്നതിനുള്ള സ്പിരിറ്റ് ചാരായത്തിനുപയോഗിക്കുന്നു എന്നുള്ള പരാതിയെപ്പറ്റി പരിശോധിച്ച് വേണ്ട നടപടിയെടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഗവൺമെന്റ് വിതരണം ചെയ്ത ചാരായത്തിൽ അതു പെടുന്നില്ല. ആരെങ്കിലും ഏതെങ്കിലും ഭാഗത്ത് ഉപയോഗിക്കുന്നോ എന്നു പരിശോധിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മായംചേർത്ത മദ്യമോ കൃത്രിമ മദ്യമോ ഒന്നും ഇവിടെ ഉണ്ടാക്കുന്നില്ലെന്നാണ് ഗവൺമെന്റിന്റെ വിശ്വാസമെന്നു പറഞ്ഞു. രാജ്യത്തു നടക്കുന്നകാര്യങ്ങളൊന്നും ഗവൺമെന്റ് അറിയുന്നില്ലെന്നാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അബ്കാരിയുടെ വരുമാനമാണ് ചോദ്യം.

ശ്രീ. കെ. നാരായണക്കുറുപ്പ് : ഗവൺമെൻറ് വിതരണം ചെയ്യുന്ന ചാരായത്തിൽ അനുപാതപ്പെടുന്നില്ലെന്നാണ് പറഞ്ഞത്. മായം ഉള്ള ചാരായം ഉണ്ടാക്കി ഉപയോഗിക്കുന്നുണ്ടോ എന്നറിയില്ല; ഉണ്ടെങ്കിൽ അന്വേഷിക്കാം.

കെ.എസ്.ആർ.ടി.സി.യുടെ "സ്റ്റുഡൻസ് ഒൺലി" ബസ്സുകൾ

*532 [564] ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:

,, കെ. രാഘവൻ മാസ്റ്റർ:

,, പി. ബാലൻ:

,, എം. വി. രാജൻ:

,, ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. "സ്റ്റുഡൻസ് ഒൺലി" ബസ്സുകൾ ഓടിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; എവിടെയെല്ലാം;

(സി) സ്റ്റുഡൻസ് ഒൺലി ബസ്സുകളുടെ അപര്യാപ്തതമൂലം യാത്രാക്ലേശം വർദ്ധിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്) :

(എ) ഉണ്ട്.

(ബി) പ്രധാനമായും ദേശസാൽക്കരിക്കപ്പെട്ട റൂട്ടുകളിലാണ് ഇവ ഓടിക്കുന്നത്. തിരുവനന്തപുരം സിറ്റിയിൽ മാത്രം 110 സ്റ്റുഡൻസ് ഒൺലി ട്രിപ്പുകൾ ദിവസവും ഓടിക്കുന്നുണ്ട്. സ്റ്റേറ്റ് ഒട്ടുക്കുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) അങ്ങനെ പരാതികൾ ഉണ്ടാകാറുണ്ട്. പക്ഷെ ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ സർവ്വീസുകൾ ഇതിലേക്കുമാത്രം നടത്താൻ കഴിയുകയില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കോഴിക്കോട്–വയനാട് റൂട്ട് ദേശസാൽക്കരിച്ചശേഷം വയനാട്ടിൽ വേണ്ടത്ര ബസ്സുകളില്ലാത്തതുകൊണ്ട് ബുദ്ധിമുട്ടനുഭവപ്പെടുന്ന കാര്യം പലപ്പോഴും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് അത്യാവശ്യമായി പോകാനുള്ള ബസ്സുകളില്ലെന്നുള്ളതു പരിഗണിച്ച് കൂടുതൽ ബസ്സുകളിടുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മൊത്തം യാത്രക്കാർക്കു വേണ്ടി ബസ്സോടിക്കുന്നതിൽ ബുദ്ധിമുട്ടില്ല. അതിനു നടപടിയെടുത്തിട്ടുണ്ട്. അടുത്തകാലത്തുതന്നെ കൂടുതൽ ബസ്സുകൾ കൊടുത്തിട്ടുണ്ട്. ഇനിയും കൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly